# ഗാന്ധിജിയും ഡോ. അംബേദ്കറും



ശശിധരൻ കാട്ടായിക്കോണം

ഗാന്ധിജിയും അംബേദ്കറും വ്യക്തിത്വത്തിൽ എത്രമാത്രം വ്യത്യാസപ്പെട്ടിരുന്നുവോ അത്ര തന്നെ സാദൃശ്യവുമുണ്ടായിരുന്നു. രണ്ടുപേരും ദേശസ്നേഹികളും സമൂഹത്തിൽ കഷ്ടപ്പെടുന്നവരെ സഹായിക്കുന്നവരും പ്രതിഭാശാലികളും കർമനിരതരുമായിരുന്നു. ഇവർ രണ്ടു പേരും പരസ്പരം ഏറ്റുമുട്ടുകയും സൗഹൃദപൂർവം പെരുമാറുകയും ചെയ്തിട്ടുള്ള സന്ദർഭങ്ങളെ ചരിത്ര സംഭവങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്ന ഗ്രന്ഥം.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ISBN 978-93-91328-29-0


9 789391 328290

SIL 5064

₹ 250

ഗാന്ധിജിയും ഡോ. അംബേദ്കറും ശശിധരൻ കാട്ടായിക്കോണം

367



# ഗാന്ധിജിയും ഡോ. അംബേദ്കറും

ശശിധരൻ കാട്ടായിക്കോണം

2162.

College Of Avian Sciences & ...
LIBRARY
KVASU Thrissur

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2162 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

*Malayalam*
**GANDHIJIYUM Dr. AMBEDKARUM**
*By*
Sasidharan Kattayikkonam
First Published : August 2021
*Typeset at*
CreativeCrew Digital Solutions,
Thiruvananthapuram
*Printed at*
Vijnanamudranam Press
Thiruvananthapuram
*Published by*
State Institute of Languages, Kerala
Thiruvananthapuram - 695 003
✆ 0471-2316306, 2314768
www.keralabashainstitute.org

© The State Institute of Languages Kerala 2021
Copies : 500

SIL / 5064 ISBN 978-93-91328-29-0

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages, at the University level of the Government of India, Ministry of Human Resource Development, New Delhi.

Price : Rs. 250/- FT - 3049

# ഗാന്ധിജിയും ഡോ. അംബേദ്കറും

**ശശിധരൻ കാട്ടായിക്കോണം**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

### ശശിധരൻ കാട്ടായിക്കോണം

കാറ്റാടി മൂട്ടിൽ ഭാസ്കരൻ, ഗോമതി ദമ്പതികളുടെ മകനായി 1940 മേയ് 28-ന് തിരുവനന്തപുരം ജില്ലയിലെ കാട്ടായി ക്കോണത്തു ജനിച്ചു. വിദ്യാഭ്യാസാനന്തരം കാസർകോട്ടു മുതൽ തിരുവനന്തപുരം വരെ വിവിധ ഹൈസ്കൂളുകളിൽ അധ്യാപന ജീവിതം നയിച്ചു, കേരള ഗാന്ധി സ്മാരകനിധി സഹകാരി, കേരള സർവോദയ മണ്ഡലപ്രവർത്തകൻ, മദ്യനിരോധന സമിതി പ്രവർത്തകൻ എന്നീ നിലകളിൽ ഗാന്ധി മാർഗ പ്രവർത്തനങ്ങൾ നടത്തുന്നു. ഇന്ത്യയിൽ ഉടനീളം സഞ്ചരിച്ചിട്ടുണ്ട്. വിവിധ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ എഴുതുന്നുണ്ട്.

ഇതരകൃതികൾ:

1. ഗാന്ധിജിയെക്കുറിച്ച് ഗോഡ്സെ
2. ഹിന്ദ്സ്വരാജിന്റെ ആനുകാലികപ്രസക്തി
3. ഗാന്ധി സഹസ്രനാമാവലി
4. യുഗപുരുഷചരിതം കാവ്യം (അപ്രകാശിതം)

ഭാര്യ: കുസുമകുമാരി.
മക്കൾ: ജയദേവ്, ജയസൂര്യ (ഗവ. സ്കൂൾ അധ്യാപകർ).
ഫോൺ : 9400811833



| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | പ്രൊഫ. വി. കാർത്തികേയൻ നായർ |
| എഡിറ്റർ | : | കെ.ആർ. സരിതകുമാരി |
| പ്രൂഫ് | : | സിന്ധു പി. |
| കവർ | : | അരുൺ ഗോകുൽ |
| General Editor | : | Prof. V. Karthikeyan Nair |
| Editor | : | K.R. Sarithakumari |
| Proof | : | Sindhu P. |
| Cover | : | Arun Gokul |


## ആമുഖം

ഗാന്ധിജിയും അംബേദ്കറും വ്യക്തിത്വത്തിൽ എത്രമാത്രം വ്യത്യാസപ്പെട്ടിരുന്നുവോ അത്രതന്നെ സാദൃശ്യവുമുണ്ടായിരുന്നു. രണ്ടുപേരും ദേശസ്നേഹികളും സമൂഹത്തിൽ കഷ്ടപ്പെടുന്നവരെ സഹായിക്കുന്നവരും പ്രതിഭാശാലികളും കർമനിരതരുമായിരുന്നു. ഈ മഹദ്വ്യക്തികളുടെയിടയിൽ രൂപപ്പെട്ടിരുന്ന ഭിന്നതകളെല്ലാം തെറ്റിദ്ധാരണാജനകമായ രീതിയിൽ ഇവരുടെ അനുയായികൾ വിശ്വസിച്ചുപോന്നു. എന്നാൽ ഈ തെറ്റിദ്ധാരണകൾക്കപ്പുറമായിരുന്നു അവർ രണ്ടുപേരും സ്വീകരിച്ചുപോന്നിരുന്ന നിലപാടുകൾ. ഗാന്ധിജിയും ഡോ. അംബേദ്കറും ഒരുപോലെ നമ്മുടെ നാടിന്റെ സാംസ്കാരിക പൈതൃകത്തിൽ അഭിമാനിക്കുന്നവരായിരുന്നു എന്നതാണ് പരമമായ സത്യം.

എഴുത്തുകാരനായ ശശിധരൻ കാട്ടായിക്കോണം രചിച്ച 'ഗാന്ധിജിയും അംബേദ്കറും' എന്ന കൃതിയിൽ പ്രധാനമായി ഗാന്ധിജിയും അംബേദ്കറും പരസ്പരം ഏറ്റുമുട്ടുകയും സൗഹൃദപൂർവം പെരുമാറുകയും ചെയ്തിട്ടുള്ള സന്ദർഭങ്ങളെ ചരിത്രസംഭവങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്തിരിക്കുന്നു. കൂടാതെ അവർ രണ്ടുപേരും ഓരോ വിഷയത്തിലും എടുത്ത നിലപാടുകളെക്കുറിച്ച് വ്യക്തമാക്കുന്നതിനായി അവർ എഴുതിയിട്ടുള്ളതും അവരെക്കുറിച്ച് എഴുതിയിട്ടുള്ളതുമായ കൃതികളിൽനിന്ന് ഉദ്ധരണികൾ ചേർത്തിട്ടുള്ളത് ഈ പുസ്തകത്തിന്റെ മഹത്വം കൂട്ടുന്നതോടൊപ്പം ആധികാരികത ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഈ പുസ്തകത്തിന്റെ ആദ്യപതിപ്പ് വിജ്ഞാനകുതുകികളായ വായനക്കാർക്കായി ഞങ്ങൾ അഭിമാനപുരസ്സരം പ്രസിദ്ധീകരിക്കുന്നു.

**പ്രൊഫ. വി. കാർത്തികേയൻ നായർ**
**കെ.ആർ. സരിതകുമാരി**

# മുഖവുര

**സാ**ധാരണ മനുഷ്യരുടെ ജീവിതംപോലും ഒരു തരത്തിലുള്ള സമരമായിരിക്കെ, മനുഷ്യ സമൂഹത്തിനായി വിശിഷ്ടസേവനം അനുഷ്ഠിച്ച മഹാത്മാക്കൾ നടത്തിയിട്ടുള്ള സമരങ്ങളും അതുമൂലം അനുഭവിച്ച ക്ലേശങ്ങളും കഷ്ടനഷ്ടങ്ങളും അളവറ്റതായിരിക്കുക സ്വാഭാവികമാണല്ലോ!

മോഹൻദാസ് കരംചന്ദ് ഗാന്ധിയും ഡോ. ഭീം റാവു അംബേദ്കറും കടന്നുപോയ ജീവിത വൈതരണികൾ ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ സമാനതകൾ ഉള്ളവയാണ്. മനുഷ്യസേവനത്തിനായി നിയോഗിതരായ ഈ രണ്ടുപേരുടെയും ബാല്യ കൗമാര യൗവനങ്ങളിലെന്നല്ല, ജീവിതാന്ത്യംവരെയുള്ള സമസ്ത മേഖലകളെയും ലക്ഷ്യസാക്ഷാൽക്കാരത്തോടു ബന്ധപ്പെട്ട ക്ലേശങ്ങളും പീഡനങ്ങളും ദുരിതങ്ങളും തിരസ്കാരങ്ങളും പിൻതുടർന്നിരുന്നുവെന്ന് കാണാവുന്നതാണ്.

സാമൂഹികസേവന രംഗങ്ങളിലെന്നപോലെ വ്യക്തിപരമായ അതിജീവനത്തിന്റെ തലങ്ങളിലും അവർ അനുഭവിച്ചിട്ടുള്ള കഷ്ടതകൾ അനവധിയാണ്. പല കാര്യങ്ങളിലും രണ്ടുപേരുടെയും ആത്യന്തികലക്ഷ്യം ഒന്നായിരുന്നെങ്കിലും ലക്ഷ്യപ്രാപ്തിക്കായി സ്വീകരിച്ച മാർഗങ്ങളുടെ വ്യത്യസ്തത മൂലം ഒട്ടേറെ സന്ദർഭങ്ങളിൽ രൂക്ഷമായ ഭിന്നതകൾ രൂപം കൊണ്ടിരുന്നു. എങ്കിലും പല സന്ദർഭങ്ങളിലും അവർ തമ്മിൽ അത്യന്തം ആദരവും അഭ്യുദയകാംക്ഷയും പുലർത്തിയിരുന്നുവെന്നും കാണാവുന്നതാണ്.

ഗാന്ധിജിയും അംബേദ്കറും വ്യക്തിത്വത്തിൽ എത്രമാത്രം ഭിന്നരായിരുന്നുവോ അത്രതന്നെ സാമ്യം ഉള്ളവരുമായിരുന്നു. ഇരുവരും, ദരിദ്രരും ദുരിതം അനുഭവിക്കുന്നവരുമായ ജനങ്ങളുടെ പക്ഷക്കാരും നിർഭയരും തേജസ്വികളും പ്രതിഭാശാലികളും നിസ്വാർഥരും അദമ്യമായ പ്രാണശക്തി

നിറഞ്ഞവരുമായിരുന്നു. ഇരുവരും തങ്ങളുടെ ബോധ്യത്തിനനുസരിച്ച് വിചാരസരണികളിൽ മാറ്റങ്ങൾ വരുത്തുന്നതിന് മടിച്ചിരുന്നുമില്ല.

1932-ൽ, ബ്രിട്ടീഷ് പ്രധാനമന്ത്രി മക്‌ഡൊണാൾഡിന്റെ സാമുദായിക അവാർഡിനെതിരെ (കമ്മ്യൂണൽ അവാർഡ്) ഗാന്ധിജി ഉപവാസ സത്യഗ്രഹം അനുഷ്ഠിക്കുന്ന വേളയിൽ അനുരഞ്ജനത്തിനെത്തിയ അംബേദ്കർ തന്നെ അക്കാര്യം വെളിപ്പെടുത്തുന്നുണ്ട്:

“മഹാത്മജീ, നമുക്കുതമ്മിൽ പല കാര്യങ്ങളിലും സാദൃശ്യമുണ്ട്” എന്ന്.

ഈ രണ്ടു മഹാത്മാക്കളും പരസ്പരം ഏറ്റുമുട്ടുകയും സൗഹാർദപൂർവം പെരുമാറുകയും ചെയ്തിട്ടുള്ള സന്ദർഭങ്ങളെ ചരിത്ര സംഭവങ്ങളുടെ പശ്ചാത്തലത്തിൽ വിലയിരുത്തുകയാണ് ഈ കൃതിയിലൂടെ നിർവഹിക്കുന്നത്.

ഗാന്ധിജിയും ഡോ. അംബേദ്കറും തമ്മിൽ ഉണ്ടായിട്ടുള്ള അഭിപ്രായ വ്യത്യാസങ്ങളുടെ ശരിയായ വിലയിരുത്തലിന്റെ അഭാവം നിമിത്തം, അവർ തമ്മിൽ പരമ ശത്രുക്കളായിരുന്നുവെന്നും അംബേദ്കറുടെ അധഃസ്ഥിത സമൂഹ സേവനങ്ങൾക്ക് ഗാന്ധിജി എന്നും തടസ്സം നിന്നിരുന്നുവെന്നുമുള്ള ശക്തമായൊരു ധാരണ അംബേദ്കറുടെ ആരാധകർക്കിടയിൽ നിലനിൽക്കുന്നുണ്ട്. അതുമൂലം അംബേദ്കറുടെ അപദാനങ്ങളെ പ്രകീർത്തിക്കുന്ന ഘട്ടങ്ങളിലെല്ലാം അവർ ഗാന്ധിജിയെ പ്രതിസ്ഥാനത്തു നിർത്തിക്കൊണ്ട് വിമർശന ശരങ്ങളും അധിക്ഷേപ വാൾ പ്രയോഗങ്ങളും വളച്ചൊടിച്ച അർധസത്യങ്ങളും നിരന്തരം പ്രയോഗിക്കുന്നുമുണ്ട്. അനുയായികൾക്കിടയിലുള്ള ഇത്തരം ധാരണകളുടെ സത്യാസത്യങ്ങൾ കണ്ടെത്തി നിജസ്ഥിതി ബോധ്യപ്പെടുത്തി തെറ്റിദ്ധാരണകൾ തിരുത്തുകയെന്നതും ഈ കൃതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്നാണ്.

അതിനായി അവരുടെ ബാല്യം, കൗമാരം, വിദ്യാഭ്യാസ ക്ലേശങ്ങൾ, തിരസ്കാരങ്ങൾ എന്നിവയിലൂടെ ഒരു ഹ്രസ്വ സഞ്ചാരം നടത്തിയശേഷം പൊതുരംഗത്തു പ്രവർത്തിച്ചപ്പോൾ സംഭവിച്ച ആശയ വ്യത്യാസങ്ങളെയും കലഹകാരണങ്ങളെയും സസൂക്ഷ്മം വിലയിരുത്തുകയാണ് ഈ കൃതിയിലൂടെ നിർവഹിക്കുന്നത്.

ഗാന്ധിജിയുടെ ആരാധകർ അംബേദ്കറെയോ, അംബേദ്കറുടെ ആരാധകർ ഗാന്ധിജിയെയോ അധികം മനസ്സിലാക്കിയിട്ടില്ലാത്തതിനാൽ അവരുടെ ജീവിതത്തെയും പ്രവർത്തനങ്ങളെയും പറ്റി അധികം ദീർഘമല്ലാത്ത വിവരണവും അനിവാര്യമായി വന്നിട്ടുണ്ട്.

രണ്ടുപേരുടെയും വ്യക്തിജീവിതത്തെയും സാമൂഹിക ജീവിതത്തെയും വെളിപ്പെടുത്തുന്ന ഒട്ടേറെ കൃതികൾ പരിശോധിച്ചാണ് ഈ വിഷയം അവതരിപ്പിക്കുന്നത്. ഓരോ വിഷയത്തിലും അവർ സ്വീകരിച്ച നിലപാടുകളുടെ യാഥാർഥ്യം തെളിയിക്കാനായി അവർ രചിച്ചിട്ടുള്ളതും അവരെക്കുറിച്ചെഴുതിയിട്ടുള്ളതുമായ കൃതികളിൽ നിന്ന്, യഥാസ്ഥാനത്ത്, അവരുടെ വാക്കുകൾ



ഉദ്ധരിച്ചിട്ടുണ്ട്. അക്കാലത്ത് അവർ സ്വീകരിച്ച നിലപാടുകളുടെ സത്യാവസ്ഥ അറിയുന്നതിന് ഇത്തരം ഉദ്ധരണികൾ അനിവാര്യമായ ആവശ്യവുമാണ്. അപ്പോൾ അവരെക്കുറിച്ചുള്ള നമ്മുടെ ധാരണകളുമായി ഈ ഉദ്ധൃത വാക്യങ്ങൾ പൊരുത്തപ്പെടാത്തവയായി തോന്നിയേക്കാം. അത് അവരെ ആക്ഷേപിക്കുന്നതായോ തരം താഴ്ത്തുന്നതായോ നിസ്സാരവൽക്കരിക്കുന്നതായോ ആരാധകർക്കു തോന്നുകയില്ലെന്നു വിശ്വസിക്കുന്നു. അത്യന്തം ശ്രദ്ധേയമായ ഒരു ആമുഖക്കുറിപ്പുകൊണ്ട് ഈ കൃതിയെ സമ്പന്നമാക്കിയ ബഹുഭാഷാ പണ്ഡിതനും ഗാന്ധിതത്ത്വവിചാരവിശാരദനുമായ ശ്രീ. ബി. രാജീവൻ സാറിനോടുള്ള കൃതജ്ഞത നിസ്സീമമാണ്.

**ശശിധരൻ കാട്ടായിക്കോണം**

# അവതാരിക

**ശ്രീ** ശശിധരൻ കാട്ടായിക്കോണം 'ഗാന്ധിജിയെക്കുറിച്ച് ഗോഡ്സെ' എന്ന രാഷ്ട്രീയ പ്രാധാന്യവും ഗവേഷണ മൂല്യവുമുള്ള ഗ്രന്ഥത്തിനുശേഷം രചിച്ച കൃതിയാണ് 'ഗാന്ധിജിയും ഡോ. അംബേദ്കറും.' തുടക്കത്തിൽത്തന്നെ പറയട്ടെ, നമ്മുടെ രാജ്യം ഇന്ന് നേരിടുന്ന രാഷ്ട്രീയവും ധാർമികവുമായ വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ, നമ്മുടെ കാലം ഏറ്റവും ആവശ്യപ്പെടുന്ന രചനകളിൽ ഒന്നാണ് ഈ ഗ്രന്ഥം.

മഹാത്മാഗാന്ധിയും ഡോക്ടർ അംബേദ്കറും ഏതു ജനതയുടെ മോചനമാണോ ലക്ഷ്യമായി കണ്ടത്, ദളിതരും ദരിദ്രരുമടങ്ങുന്ന ആ കീഴാള ജനസഞ്ചയം സ്വാതന്ത്ര്യ ലബ്ധിക്കുശേഷമുള്ള കഴിഞ്ഞ ഏഴു പതിറ്റാണ്ടുകൾക്കുശേഷവും മോചനമില്ലാതെ തുടരുന്നു. ഈ ദുരവസ്ഥയിൽനിന്ന് നമ്മുടെ രാജ്യത്തെ എങ്ങനെ വീണ്ടെടുക്കാമെന്നതാണ്, അതിനായി ജനാധിപത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും മൂല്യങ്ങളെ എങ്ങനെ ഉണർത്താനാവും എന്നതാണ് നാം ഇന്ന് നേരിടുന്ന പ്രധാന രാഷ്ട്രീയ വെല്ലുവിളി. അതുകൊണ്ടാണ്, ഗാന്ധിജിയെക്കുറിച്ചുള്ള ജ്വലിക്കുന്ന സ്മരണകളുമായി ജീവിച്ചിരുന്ന, ഗാന്ധിജിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന വി. കല്യാണം ഒരഭിമുഖത്തിൽ നമ്മുടെ നാടിന്റെ തകർച്ചയിൽ മനംനൊന്ത്, മഹാത്മജി ജീവിച്ചിരുന്നെങ്കിൽ ഇന്ത്യയിൽ വിപ്ലവം നയിക്കുമായിരുന്നു എന്ന് പറഞ്ഞത്. നിശ്ചയമായും, നമ്മുടെ നാടിനെ വീണ്ടെടുക്കുന്നതിനായി ഗാന്ധിയെ മുൻനിർത്തിക്കൊണ്ട് ശ്രീ. കല്യാണം വിഭാവനം ചെയ്ത വിപ്ലവം ഇന്ത്യയിലെ ദരിദ്ര നാരായണന്മാരുടെയും ദളിതരുടെയും മോചനത്തിനുള്ള , ഗാന്ധിയൻ മൂല്യങ്ങളിൽ അടിയുറച്ച ഒരു രണ്ടാം സ്വാതന്ത്ര്യസമരം തന്നെയാവണം. നമ്മുടെ രാജ്യത്തിന്റെ ഇന്നത്തെ നിലയോർത്തു ദുഃഖിക്കുന്ന ഓരോ യഥാർഥ

ചുരുക്കിപ്പറഞ്ഞാൽ, ഒറ്റനോട്ടത്തിൽ വെളിപ്പെടുത്താൻ കഴിയാത്തതും പലർക്കും അവരുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് വ്യാഖ്യാനിക്കാവുന്നതുമായ രണ്ടു മഹാത്മാക്കൾ തമ്മിലുള്ള ബന്ധത്തിന്റെ സങ്കീർണ യാഥാർഥ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള ഒരു ശ്രമമാണ് ശ്രീ. ശശിധരൻ കാട്ടായിക്കോണം ഈ ഗ്രന്ഥത്തിൽ നടത്തുന്നത്. ആയാസകരമായ ഈ പരിശ്രമത്തിലൂടെ, ഗാന്ധിജിയുടെയും അംബേദ്കറുടെയും മഹത്വത്തെ സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടി വികലമാക്കാനും അങ്ങനെ അവരെ ഭൂതകാലത്തിൽ തളച്ചിടാനും നടക്കുന്ന ശ്രമങ്ങളെ തുറന്നു കാണിക്കുന്നതിൽ അദ്ദേഹം വിജയിച്ചിരിക്കുന്നു എന്ന് തന്നെ പറയാം. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഇന്നോളം അകറ്റി നിർത്തപ്പെട്ടിരുന്ന, നമ്മുടെ മഹത്തായ സംസ്കാരത്തിന്റെ മഹാന്മാരായ രണ്ടു സന്തതികളെ ഭാവി ഇന്ത്യക്കായി ഒരുമിച്ചു ചേർക്കാനുള്ള ഒരു ശ്രമമാണ് ശ്രീ. ശശിധരൻ ഇവിടെ നടത്തിയിരിക്കുന്നത്. ഇത്തരം ഒരു വിലപ്പെട്ട ഉദ്യമത്തിന്റെ പേരിൽ നാം അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ഗ്രന്ഥത്തിലേക്ക് വായനക്കാരെ ഞാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

**ബി. രാജീവൻ**

തിരുവനന്തപുരം
20.6.2021

# ഉള്ളടക്കം


| | | |
|---|---|---|
| 1. | കുടുംബ ചരിതങ്ങൾ | 1 |
| 2. | സാംസ്കാരിക പശ്ചാത്തലം | 7 |
| 3. | വിദ്യാഭ്യാസ ദുരിതങ്ങൾ - അംബേദ്കർക്ക് | 11 |
| 4. | ഗാന്ധിജിയുടെ വിദ്യാഭ്യാസ ക്ലേശങ്ങൾ | 17 |
| 5. | വിവാഹങ്ങൾ | 23 |
| 6. | ഗാന്ധിജിക്കു നേരിട്ട അപമാനം | 25 |
| 7. | വർണ വിവേചനംമൂലം വേട്ടയാടപ്പെട്ട ഗാന്ധിജി | 28 |
| 8. | സാമൂഹിക സേവനവും വ്യക്തിമഹത്വവും | 33 |
| 9. | ജാതിപ്പിശാച് വീണ്ടും | 36 |
| 10. | തൊഴിൽരംഗം സേവനമേഖലയാക്കിയ ഗാന്ധിജി | 43 |
| 11. | സുലു കലാപവും മനഃപരിവർത്തനവും | 48 |
| 12. | അവകാശ സമരങ്ങളുടെ വിജയം | 51 |
| 13. | ഗാന്ധിജി തിരിച്ചെത്തുമ്പോഴുള്ള ഇന്ത്യ | 57 |
| 14. | ഭയത്തിൽ നിന്നു മോചനം | 63 |
| 15. | മൂന്നു സത്യഗ്രഹങ്ങൾ | 65 |
| 16. | ഗാന്ധിജി ഇന്ത്യൻ രാഷ്ട്രീയത്തിൽ | 75 |
| 17. | ഗാന്ധിജി കോൺഗ്രസ് നേതൃസ്ഥാനത്ത് | 78 |
| 18. | ചൗരീചൗരാ സംഭവവും സമരം നിർത്തിവയ്ക്കലും | 80 |

| | | |
|---|---|---|
| 19. | രചനാത്മക പ്രവർത്തനം | 85 |
| 20. | ഉപ്പു സത്യഗ്രഹം | 87 |
| 21. | ഡോ. അംബേദ്കറുടെ അധഃസ്ഥിതോദ്ധാരണ പ്രവർത്തനങ്ങൾ | 91 |
| 22. | ഒന്നാം വട്ടമേശാസമ്മേളനം | 101 |
| 23. | ആദ്യ കണ്ടുമുട്ടൽ | 103 |
| 24. | ഗാന്ധിജി വട്ടമേശാസമ്മേളനത്തിൽ | 105 |
| 25. | പരാജയപ്പെട്ട വട്ടമേശാസമ്മേളനം | 113 |
| 26. | പൂനാ കരാർ | 121 |
| 27. | ഹരിജൻ യാത്ര | 152 |
| 28. | അംബേദ്കർ - പൂനാകരാറിനു ശേഷം | 163 |
| 29. | സ്വാതന്ത്ര്യാനന്തര ബന്ധങ്ങൾ | 178 |
| 30. | ഇന്ത്യാ-പാക് വിഭജനം | 183 |
| 31. | ആ പ്രകാശം അണയുന്നു | 187 |
| 32. | നെഹ്റുമന്ത്രിസഭയിൽ നിന്നുള്ള രാജി | 191 |
| 33. | സമാനതകളും ഭിന്നതകളും | 194 |
| 34. | മതം മാറ്റം | 215 |
| 35. | അംബേദ്കറുടെ ഗാന്ധിവിമർശനങ്ങൾ | 224 |


# 1

# കുടുംബ ചരിതങ്ങൾ

**1869** ഒക്ടോബർ 2-നു ജനിച്ച മോഹൻദാസ് കരംചന്ദ് ഗാന്ധിയും 1891 ഏപ്രിൽ 14-നു ഭൂജാതനായ ഡോ. ബി.ആർ. അംബേദ്കറും തമ്മിൽ പ്രായത്തിൽ ഇരുപത്തൊന്നര വർഷത്തെ അകലമുണ്ടായിരുന്നു.

ഗാന്ധി കുടുംബത്തിന്റെ ചരിത്രം ആരംഭിക്കുന്നത്, ശുദ്ധ വൈഷ്ണവനും ലാൽജി എന്ന പേരുകാരനുമായ ഒരു വ്യക്തിയിലൂടെയാണ്. വ്യക്തിജീവിതത്തിൽ പുലർത്തിയിരുന്ന സത്യസന്ധത വഴി ലാൽജി, ഗുജറാത്തിൽ ജൂനാഗഢ് എന്ന നാട്ടുരാജ്യത്തിലെ കരം പിരിവുകാരൻ - രജിസ്ട്രാർ - ആയി. പക്ഷേ, ഭരണരംഗത്തെ ചില തർക്കവിതർക്കങ്ങളിൽ അസംതൃപ്തനായി ആ ജോലി ഉപേക്ഷിച്ചിട്ട് അദ്ദേഹം ഒരു പലവ്യഞ്ജനക്കട തുടങ്ങി. പലവ്യഞ്ജനക്കടക്കാരെ ഗാന്ധി എന്നും അത്തരം കടകളെ 'ഗാന്ധിക്കടകൾ' എന്നുമാണ് ഗുജറാത്തിൽ ഇന്നും പറഞ്ഞു വരുന്നത്. അങ്ങനെ ലാൽജി, ലാൽജി ഗാന്ധിയായി. ഈ പൂർവികനിൽ നിന്നാണ് ഗാന്ധി എന്ന കുടുംബപ്പേരിന്റെ ഉല്പത്തി.[1]

"ഗാന്ധികുടുംബക്കാർ ബനിയാ ജാതിയിൽപ്പെട്ടവരായിരുന്നു. അവർ ആദ്യം പലചരക്കു വ്യാപാരികളായിരുന്നുവത്രേ" എന്നു ഗാന്ധിജി തന്റെ ആത്മകഥയിൽ - സത്യാന്വേഷണ പരീക്ഷണങ്ങളിൽ - സൂചിപ്പിക്കുന്നുമുണ്ട്.

ലാൽജി ഗാന്ധി ചില വർഷങ്ങൾ കഴിഞ്ഞ് വീണ്ടും കരം പിരിവു മേഖലയിലേക്കു തിരിച്ചെത്തി. അത് ഗുജറാത്തിൽത്തന്നെയുള്ള പോർബന്തർ എന്ന മറ്റൊരു നാട്ടുരാജ്യത്തിലായിരുന്നു. ആ പാരമ്പര്യം ലാൽജി ഗാന്ധിയുടെ പുത്രൻ റാംജി ഗാന്ധിയും അദ്ദേഹത്തിന്റെ പുത്രൻ റഹീദാസ് ഗാന്ധിയും റഹീദാസിന്റെ പുത്രൻ ഹർജീവൻ ഗാന്ധിയും നിലനിർത്തി.

റഹീദാസിന്റെ പുത്രൻ ഉത്തംചന്ദ് ഗാന്ധി എന്ന ഓത്താഗാന്ധിയാണ് ആ കുടുംബ പരമ്പരയിലെ ആദ്യ ദിവാൻ - പ്രധാനമന്ത്രി - ആകുന്നത്. തുടർന്ന് അദ്ദേഹത്തിന്റെ പുത്രൻ കരംചന്ദ് ഗാന്ധി, കാബാഗാന്ധി എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന കർമചന്ദ്ര ഗാന്ധി, പോർബന്തറിലെ ദിവാനായി.